**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4344** **01-07-2024 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും, തടയുന്നതിനുമായി വകുപ്പിന്റെ കീഴിൽ ഇന്റലിജൻസ്, & എൻഫോഴ്സ്മെന്റ്, ഓഡിറ്റ് എന്നീ വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു.എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും പട്രോളിങ് ചെയ്ത് ചരക്ക് വാഹനങ്ങളുടെ പരിശോധനയിലൂടെ നികുതി വരുമാനം ഉറപ്പുവരുത്തുകയും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായി നടപടി എടുക്കുകയും ചെയ്തു വരുന്നു.<br><br>ഇന്റലിജൻസ് വിഭാഗം വലിയ തോതിൽ നികുതി വെട്ടിപ്പ് നടക്കുന്ന മേഖലകൾ രഹസ്യ അന്വേഷണം, informers, പരാതികൾ എന്നിവയിലൂടെ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സേർച്ച്/ഇൻസ്പെക്ഷൻ നടത്തുകയും നികുതി വെട്ടിപ്പ് നടക്കുന്ന പക്ഷം പെനാൽറ്റി, അറസ്റ്റ് എന്നിവയ്ക്ക് വിധേയമാക്കി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ബിസിനസ് ടു ബിസിനസ്, ബിസിനസ് ടു കസ്റ്റമർ എന്നീ ഇനങ്ങളിൽ എത്ര രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയിട്ടുള്ളതെന്ന വിശദാംശം | (ബി) | ബിസിനസ് ടു ബിസിനസ്, ബിസിനസ് ടു കസ്റ്റമർ എന്നീ ഇനങ്ങളിൽ നികുതി വെട്ടിപ്പിൽ കണ്ടെത്തിയ തുക തരംതിരിച്ച് ലഭ്യമല്ല. ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ ആകെ |

| | | | |
|---|---|---|---|
| | സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | | കണ്ടെത്തിയ നികുതി വെട്ടിപ്പിന്റെ കണക്ക് **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | പ്രസ്തുത ഇനങ്ങളിൽ വൻതോതിൽ നികുതിവെട്ടിപ്പ് നടന്നിട്ടും ആയത് കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും നികുതി വകുപ്പിന് കാര്യക്ഷമമായ ഇടപെടൽ നടത്തുവാൻ കഴിയുന്നില്ല എന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര പരിഹാര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | എല്ലാ തരത്തിലുമുള്ള ചരക്ക് സേവന കൈമാറ്റവും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റലിജൻസ്, എൻഫോഴ്‌സ്‌മെന്റ് വിഭാഗങ്ങൾ നിരന്തരമായി നിരീക്ഷിച്ച് വരികയും നികുതി വെട്ടിപ്പ് കണ്ടെത്തുന്ന സാഹചര്യത്തിൽ ഇൻസ്പെക്ഷൻ/സെർച്ച് എന്നിവയിലൂടെ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത് കൂടാതെ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ എടുത്തുവരുന്നുമുണ്ട്. നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | കണ്ടെത്തിയ നികുതി വെട്ടിപ്പ് (തുക കോടിയിൽ) |
|---|---|
| 2017-18 | 4.9 |
| 2018-19 | 7.51 |
| 2019-20 | 26.33 |
| 2021-22 | 172.36 |
| 2022-23 | 753.19 |
| 2023-24 | 1802.01 |
| 2024-25 | 59.45 |

സെക്ഷൻ ഓഫീസർ.